

THURSDAY 16/10/2025 വ്യാഴാഴ്ച

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ


## FARM INFORMATION BUREAU

**Agriculture Development and Farmer's Welfare Department**

GOVERNMENT OF KERALA

**Chief Editor:** SINDHU. KS **Editor:** Dr. V. Krishnadas

**Farm Information Bureau, Kowdiar, Thiruvananthapuram -695003**

**Website : fibkerala.gov.in; E-mail: piofibvm@gmail.com, fibnewstvm@gmail.com**

**Telephone : 0471 - 2318186, 2317314**

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 16/10/2025

1. നൂതന ജലസേചന രീതികൾ പ്രോത്സാഹിപ്പിക്കുക, ഉയർന്ന ഉൽപാദനം ഉറപ്പുവരുത്തുക, ജലത്തിന്റെ ഉപയോഗക്ഷമത വർദ്ധിപ്പിക്കുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ആർ കെ വി വൈ – പി ഡി എം സി സുക്ഷ്മ ജലസേചനം (പി ഡി എം സി മൈക്രോ ഇറിഗേഷൻ) പദ്ധതിയിലൂടെ കൃഷിയിടങ്ങളിൽ സൂക്ഷ്മ ജലസേചന സംവിധാനങ്ങൾ (ഡ്രിപ്പ്, സ്പ്രിംഗ്ളർ) സബ്സിഡിയോടെ സ്ഥാപിക്കുന്നതിന് അപേക്ഷ ക്ഷണിച്ചു. കർഷകർക്ക് ഈ പദ്ധതി പ്രകാരം ചെലവ് വരുന്ന തുകയുടെ 45 മുതൽ 55 ശതമാനം തുക പദ്ധതി നിബന്ധനകളോടെ ധനസഹായമായി ലഭിക്കും. കേര കർഷകർക്ക് ഇതിനുപുറമേ കേരസമൃദ്ധി പദ്ധതി പ്രകാരം 30 ശതമാനം പ്രത്യേക ധനസഹായം ലഭിക്കും. നിബന്ധനകൾക്ക് വിധേയമായി ജലസ്രോതസ്സുകളുടെ വികസനം, പമ്പിംഗ് ആവശ്യങ്ങൾ എന്നിവയ്ക്ക് കൂടി സൂക്ഷ്മ ജലസേചന സംവിധാനത്തോടൊപ്പം സഹായം നൽകും. നിശ്ചിത മാതൃകയിലുള്ള അപേക്ഷയുടെ പകർപ്പ് ജില്ലയിലെ കൃഷിഭവനുകളിലും കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

കാര്യാലയത്തിലും ലഭ്യമാണ്. അപേക്ഷയോടൊപ്പം അപേക്ഷകന്റെ ആധാർ, ബാങ്ക് പാസ് ബുക്ക്, ഈ വർഷം ഒടുക്കിയ ഭൂനികുതി രശീതി, ജാതി സർട്ടിഫിക്കറ്റ് (പട്ടികജാതി / പട്ടിക വർഗ്ഗക്കാർക്ക് മാത്രം) എന്നിവയുടെ പകർപ്പ് സമർപ്പിക്കണം. കൂടുതൽ വിവരങ്ങൾക്ക് ജില്ലയിലെ കൃഷി അസിസ്റ്റന്റ് എക്സിക്യൂട്ടിവ് എഞ്ചിനീയറുടെ കാര്യാലയവുമായോ അടുത്തുള്ള കൃഷിഭവനുമായോ ബന്ധപ്പെടാം. ഫോൺ: സ്റ്റേറ്റ് അഗ്രികൾച്ചറൽ എൻജിനിയർ – 9383470065, അസിസ്റ്റൻറ് എക്സിക്യൂട്ടീവ് എഞ്ചിനീയർ , കോഴിക്കോട് – 9383471797, ആലപ്പുഴ – 9383470693, തിരുവനന്തപുരം – 9383472010, കൊല്ലം – 9383470241, പത്തനംതിട്ട – 9383470518, ആലപ്പുഴ – 9383470694, കോട്ടയം – 9447344143, എറണാകുളം – 9383471479, തൃശ്ശൂർ – 9383471422, പാലക്കാട് – 9383471479, ഇടുക്കി – 8921668079, മലപ്പുറം – 9383471643, കോഴിക്കോട് – 9446429642, വയനാട് – 9383471924, കണ്ണൂർ – 9383472050, കാസർഗോഡ് – 9495082339. 2025 – 26 സാമ്പത്തിക വർഷം 100 കോടി രൂപ ഈ പദ്ധതിയ്ക്കായി സർക്കാര് വകയിരുത്തുകയും അതിൽ 72.81 കോടി നിലവില് ലഭ്യമാക്കിയിട്ടുണ്ട്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

2. **"വിഷൻ 2031"** എന്ന പേരിൽ മൃഗസംരക്ഷണ ക്ഷീരവികസന സംസ്ഥാനതല സെമിനാർ കൊല്ലം കടയ്ക്കൽ ഗാഗോ കൺവെൻഷൻ സെൻററിൽ വച്ച് 2025 ഒക്ടോബർ 21 ന് രാവിലെ 10 മുതൽ വൈകിട്ട് 4 വരെ സംഘടിപ്പിക്കുന്നു. സെമിനാറിന്റെ ഉദ്ഘാടനം ധനകാര്യ വകുപ്പുമന്ത്രി K.N. ബാലഗോപാൽ ന്റെ അധ്യക്ഷതയിൽ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പുമന്ത്രി ജെ. ചിഞ്ചുറാണി നിർവ്വഹിക്കുന്നു. കേരള സർക്കാർ മൃഗസംരക്ഷണ – ക്ഷീരവികസന വകുപ്പുകൾ സംയുക്തമായാണ് സെമിനാർ സംഘടിപ്പിക്കുന്നത്. കൂടാതെ കെ.എൽ.ഡി. ബോർഡ്, കേരളാ ഫീഡ്സ്, കെപ്കോ, മിൽമാ, എം.പി.ഐ. തുടങ്ങിയ സർക്കാർ ഏജൻസികളും പരിപാടിയുമായി സഹകരിക്കുന്നു. മൃഗസംരക്ഷണ ക്ഷീര വികസന മേഖലകളുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്ന കർഷകർ, സംരംഭകർ, ജനപ്രതിനിധികൾ, ക്ഷീരസംഘം പ്രതിനിധികൾ, ഉദ്യോഗസ്ഥർ, അക്കാദമിക് വിദഗ്ധർ, മാധ്യമ തുടങ്ങി പ്രവർത്തകർ, സ്വകാര്യ – പൊതുമേഖലാ സ്ഥാപന മേധാവികൾ ആയിരത്തോളം പ്രതിനിധികൾ പങ്കെടുക്കുന്ന വിപുലമായ സെമിനാറാണ് സംഘടിപ്പിക്കപ്പെടുന്നത്.

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

3. ആലപ്പുഴ ജില്ലയിലെ മാവേലിക്കര താലൂക്കിലെ തഴക്കര പഞ്ചായത്തിൽ സ്ഥിതിചെയ്യുന്ന ജില്ലാ കൃഷിത്തോട്ടത്തിലെ 54 മരങ്ങൾ പ്ലാവ്, വാക, ബദാം, ആഞ്ഞിലി, പാല, വട്ട, വയണ എന്നീ ഇനങ്ങളിൽപ്പെട്ട മരങ്ങൾ വിൽക്കുന്നതിനായി 21.10.2025 രാവിലെ 12 മണിക്ക് ഫാം ഓഫീസിൽ വച്ച് പരസ്യമായി ലേലം ചെയ്യുന്നു. ലേലത്തിൽ പങ്കെടുക്കാൻ താല്പര്യമുള്ളവർ പ്രവൃത്തി ദിവസങ്ങളിൽ 0479 2357690, 9383470691 എന്നീ ഫോൺ നമ്പറിൽ ബന്ധപ്പെടുക. ഇമെയിൽ noorekkar@gmail.com

4. ഇടുക്കി ജില്ലയിലെ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് കിസാൻ ക്രെഡിറ്റ് കാർഡിന് അപേക്ഷിക്കാൻ അവസരം. പഞ്ചായത്ത് തല മൃഗാശുപത്രികളുമായും, വെറ്ററിനറി സബ്സെന്ററുകളുമായും ബന്ധപ്പെട്ട് അപേക്ഷകൾ സമർപ്പിക്കാം. സ്വന്തമായി ഭൂമിയുള്ളവർക്കും പാട്ടത്തിന് കൃഷി ചെയ്യുന്നവർക്കും അപേക്ഷിക്കാം. മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് ജില്ലയിൽ കിസാൻ ക്രെഡിറ്റ് കാർഡ് ലഭ്യമാക്കുന്നതിന് ഊർജ്ജിത യജ്ഞം ഒക്ടോബർ 31 വരെ നടക്കും. എല്ലാ കർഷകരും ഈ അവസരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT
**FARM INFORMATION BUREAU**
Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരമാവധി പ്രയോജനപ്പെടുത്തണമെന്ന് ഇടുക്കി ജില്ലാ മൃഗസംരക്ഷണ ഓഫീസർ അറിയിച്ചു. പൂരിപ്പിച്ച അപേക്ഷ ഫോമിനൊപ്പം തിരിച്ചറിയൽ രേഖ (വോട്ടേഴ്സ് ഐ.ഡി/പാൻ കാർഡ്/ആധാർ കാർഡ്/ ഡ്രൈവിംഗ് ലൈസൻസ് മുതലായവയിൽ ഏതെങ്കിലും ഒന്നിന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പ്), സ്ഥിരതാമസ രേഖ (2 മാസത്തിൽ താഴെ പഴക്കമുള്ള ഫോൺ ബിൽ/കരം രസീത്/വൈദ്യുതി ബിൽ/വോട്ടേഴ്സ് ഐ.ഡി/പാസ്പോർട്ട്/ആധാർ കാർഡ്/സർക്കാർ വകുപ്പുകളോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളോ നൽകുന്ന സർട്ടിഫിക്കറ്റ്), ആറ് മാസത്തിനുള്ളിൽ എടുത്ത 2 പാസ്പോർട്ട് സൈസ് ഫോട്ടോകൾ എന്നിവ സഹിതം അപേക്ഷ നൽകണം.

5. 2025-ൽ മഴവെള്ള സംരക്ഷണവും സ്പ്രേയിംഗും നടത്തുന്ന റബ്ബർ തോട്ടങ്ങൾക്ക് റബ്ബർ ബോർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 2025 ഒക്ടോബർ 31 വരെ നീട്ടിയിരിക്കുന്നു. ഇതുവരെ അപേക്ഷ സമർപ്പിക്കാത്ത റബ്ബർ ഉത്പാദക സംഘങ്ങൾ നീട്ടിയ കാലയളവിനുള്ളിൽ ഈ അവസരം പ്രയോജനപ്പെടുത്തണമെന്ന്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

അറിയിക്കുന്നു. ഏതെങ്കിലും സഹായത്തിന്, RPS-കൾക്ക് അടുത്തുള്ള റബ്ബർ ബോർഡ് റീജിയണൽ ഓഫീസ്/ഫീൽഡ് സ്റ്റേഷനുകളുമായി ബന്ധപ്പെടാം അല്ലെങ്കിൽ റബ്ബർ ബോർഡ് വെബ്സൈറ്റ് (www.rubberboard.gov.in) സന്ദർശിക്കാം.

## പരിശീലന പരിപാടി

6. തിരുവനന്തപുരത്തുള്ള വെള്ളായണി, കാർഷിക കോളജിലെ പോസ്റ്റ്ഹാർവെസ്റ്റ് മാനേജ്മെന്റ് വിഭാഗത്തിൽ വച്ച് പഴം - പച്ചക്കറി സംസ്കരണം" എന്ന വിഷയത്തിൽ ഒരു ഏകദിന പരിശീലന പരിപാടി 28.10.2025 ചൊവ്വാഴ്ച നടത്തുന്നു. പരിശീലന ഫീസ് 1000/-രൂപ. ആദ്യം രജിസ്റ്റർ ചെയ്യുന്ന 25 പേർക്കാണ് പ്രവേശനം നൽകുന്നത്. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ ആഫീസ് സമയങ്ങളിൽ 8089076698 എന്ന നമ്പറിൽ വിളിച്ച് പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്.

7. വയനാട് ജില്ലയിലെ സുൽത്താൻ ബത്തേരി മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൽ വെച്ച് 2025 ഒക്ടോബർ 28-ാം തീയതി (ചൊവ്വാഴ്ച) രാവിലെ 10 മുതൽ വൈകിട്ട് 5 വരെ "കാട വളർത്തൽ" എന്ന വിഷയത്തിൽ ഏകദിന പരിശീലന പരിപാടി നടത്തപ്പെടുന്നു.

ff

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ 04936-297084 എന്ന നമ്പരിൽ ഓഫീസ് സമയങ്ങളിൽ (രാവിലെ 10 മുതൽ വൈകിട്ട് 5 വരെ) വിളിച്ച് മുൻകൂട്ടി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. രജിസ്ട്രേഷൻ അവസാനിക്കുന്ന തീയ്യതി 24.10.2025. മുൻകൂട്ടി രജിസ്റ്റർ ചെയ്യുവർക്ക് മാത്രമേ പരിശീലന പരിപാടിയിൽ പങ്കെടുക്കുവാൻ സാധിക്കുകയുള്ളു.

**കാർഷിക നിർദ്ദേശം**

8. കാബേജ്, കോളിഫ്ളവർ തുടങ്ങിയ ശീതകാല പച്ചക്കറികൾ നടാൻ പറ്റിയ സമയമാണ്. ഒരടി വീതിയും ഒരടി താഴ്ച്ചയുമുള്ള ചാലുകൾ രണ്ടടി അകലത്തിൽ എടുക്കുക. ജൈവവളം ചേർത്ത ശേഷം ചാലുകൾ മുക്കാൽ ഭാഗം മൂടുക. തയ്യാറാക്കിയ ചാലുകളിൽ ഒന്നരയടി അകലത്തിൽ തൈകൾ നടണം. തുലാമഴ പെയ്ത് നശിക്കാതിരിക്കാൻ തൈകൾക്കു ചുറ്റും എന്തെങ്കിലും മറ ഉണ്ടാക്കുന്നത് നല്ലതാണ്.